**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3504** **20.06.2019 ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർക്ക് പെൻ നമ്പർ, സ്പാർക് മുഖേന ശമ്പളം എന്നിവ നൽകുവാൻ സാധിക്കാത്തതിലെ നിയമവശം വിശദീകരിക്കാമോ; | (എ) നിലവിൽ ഗ്രാമപഞ്ചയാത്തുകളിൽ ഐ.കെ.എം. സോഫ്റ്റ് വെയറായ സ്ഥാപന മുഖേനയാണ് ശമ്പളം നൽകിവരുന്നത്. ഗ്രാമപഞ്ചയാത്ത് ജീവനക്കാർക്ക് തനതുഫണ്ടിൽ നിന്നുമാണ് ശമ്പളം നൽകിവരുന്നത്. നിലവിൽ ഗ്രാമപഞ്ചയാത്ത് സെക്രട്ടറിമാർക്ക് സ്പാർക്ക് ലോഗിൻ ലഭ്യമാക്കി ജീവനക്കാർക്ക് പെൻ ലഭ്യമാക്കുന്നതിനും സേവന വിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നതിന് എല്ലാ ഗ്രാമപഞ്ചയാത്തുകളുടേയും വിവരങ്ങൾ ശേഖരിച്ച് ചീഫ് പ്രോജക്ട് ആഫീസർ സ്പാർക്കിന് കൈമാറിയിട്ടുണ്ട്. |
| (ബി) ഇതേ ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഒഴികെ വകുപ്പിലെ മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുമ്പോൾ പെൻ, സ്പാർക് തുടങ്ങിയ സംവിധാനങ്ങൾ ലഭ്യമാകുന്നത് കണക്കിലെടുത്ത് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ? | (ബി) 03.02.1987 ലെ സ.ഉ(എം.എസ്) നം 25/87/എൽ.എ.ഡി പ്രകാരം പഞ്ചായത്ത് ജീവനക്കാരെ ഗവൺമെന്റ് ജീവനക്കാരായി അംഗീകരിച്ചിരുന്നുവെങ്കിലും അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിലവിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. മുഴുവൻ ജീവനക്കാരെയും പെൻ നമ്പർ നല്കി സ്പാർക് മുഖേന ശമ്പളം നല്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

Danjo M J

**സെക്ഷൻ ഓഫീസർ**